സ.ഉ.(അച്ചടി) നം.1/2023/PIE&MD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് പൗരൻമാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികൾക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനുമായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഖണ്ഡിക (i)-ലെ മാർഗ്ഗനിർദ്ദേശം - ഭേദഗതി വരുത്തി ഉത്തരവാകുന്നു

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(അച്ചടി) നം.1/2023/PIE&MD  തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:-

1. സ.ഉ (പി) നം.24/2014/ഉ.ഭ.പ.വ തീയതി 31.07.2014.
2. സ.ഉ (പി) നം.1/2021/പ.നി.വി.നി.വ തീയതി 07.10.2021.
3. സി.എം.ഒ പോർട്ടൽ മുഖേന ലഭിച്ച ശ്രീ.ഷൗഫർ നവാസിന്റെ 02.07.2022-ലെ പരാതി
4. സ.ഉ (കൈ) നം.01/2023/പ.നി.വി.നി.വ തീയതി 03.02.2023
5. ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ-12) വകുപ്പിന്റെ 31.01.2023-ലെ എ.ആർ12-1/118/2022/ഉ.ഭ.പ.വ നമ്പർ അനൗദ്യോഗിക കുറിപ്പ്.
6. സ.ഉ.(സാധാ) നം.166/2023/പനിവിനി തീയതി 02.07.2023

**<u>ഉത്തരവ്</u>**

പൗരൻമാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ/സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമപ്രകാരമുള്ള വിവിധ അനുമതികൾക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനുമായി, പരാമർശം (2) ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവിലെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഖണ്ഡിക (i) താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു

ഏതെങ്കിലും നിയമത്തിൽ, നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളവ ഒഴികെ, വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാകുന്നതിനായി രേഖകൾ/സർട്ടിഫിക്കറ്റുകൾ എന്നിവ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി സാക്ഷ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കി രേഖകളുടെ/സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.

മേൽ ഭേദഗതിയോടു കൂടി പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.അതോടൊപ്പം പരാമർശ (6) ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്തു ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർ ക്കും /സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/എല്ലാ ഓഫീസർമാർക്കും

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും

പൊതുഭരണ (എസ്.സി) വകുപ്പിന് (Item No.1587)

ഉദ്യോഗസ്ഥഭരണ പരിഷ്കാര (എ.ആർ-12) വകുപ്പ്.

സ.ഉ.(അച്ചടി) നം.1/2023/PIE&MD

വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പിന്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Devi K.G
സെക്ഷൻ ഓഫീസർ
Date: 04-07-2023 10:42:38